പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ പി.ഒ. കോഴിക്കോട് – 673020
ഇ-മെയിൽ : ddpkzd@gmail.com
ഫോൺ : 0495-2371916, 2371799
തീയതി : 11/02/2022

## നോട്ടീസ്

വിഷയം : പഞ്ചായത്ത് വകുപ്പ് – ജീവനക്കാര്യം – ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ അന്തിമ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്.

സൂചന : 1. ഈ ഓഫീസിലെ 29/01/2022 തീയതിയിലെ DDP-KKD/1479/2020-A8 നമ്പർ ഉത്തരവ്.

2. ബഹു.പഞ്ചായത്ത് ഡയറക്ടറുടെ 01/02/2022 തീയതിയിലെ PAN/15494/2021-E10(DP) നമ്പർ കത്ത്.

3. സ.ഉ. (പി) നമ്പർ 21/2014/ഉ.ഭ.പ.വ തീയതി. 06/07/2014

സൂചന (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് കാണിച്ച് പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിൽ ആസ്ഥാന കാര്യാലയ ഒഴിവിൽ നിയമിതയായ ശ്രീമതി വിജി ആർ എസ് എന്നവരുടെ അപേക്ഷ സൂചന (2) പ്രകാരം ഈ ഓഫീസിൽ ലഭ്യമായിട്ടുണ്ട്. സൂചന (3) സർക്കാർ ഉത്തരവിലെ ഖണ്ഡിക 2 (4) പ്രകാരം ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ നിയമിക്കപ്പെടുന്നവർക്ക് സീനിയോരിറ്റിയും നിയമനാർഹതയും അവരുടെ ഒപ്റ്റഡ് ജില്ലയിലായിരിക്കും എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ശ്രീമതി വിജി ആർ എസ് എന്നവരെ അവരുടെ ഓപ്റ്റഡ് ജില്ലയായ കോഴിക്കോട് ജില്ലയിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ സൂചന (1) പ്രകാരമുള്ള പട്ടികയിൽ ക്രമനമ്പർ **28 എ** നമ്പരായി ഉൾപ്പെടുത്തുന്നതിന് താത്ക്കാലികമായി തീരുമാനിച്ചിട്ടുണ്ട്. അപ്രകാരം ടിയാളെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൽ ആക്ഷേപമുള്ള ജീവനക്കാർ ആയത് 15 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട രേഖകൾ സഹിതം ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

Signature Not Verified
Digitally signed by ABDUL LATHEEF A V
Date: 2022.02.11 16:47:51 IST
Reason: Approved

അബ്ദുൾ ലത്തീഫ്. എ. വി.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
കോഴിക്കോട്.